പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1590 04/12/2018-ൽ മറുപടിയ്ക്ക്

# മാമം നാളികേര പ്ലാന്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| ആറ്റിങ്ങൽ മണ്ഡലത്തിലെ മാമം നാളികേര പ്ലാന്റിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ആറ്റിങ്ങൽ മണ്ഡലത്തിലെ മാമം നാളികേര പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം താൽക്കാലിക ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചു വരുന്നു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 30 ടൺ ശേഷിയുള്ള വെളിച്ചെണ്ണ മിൽ സ്ഥാപിച്ച് പ്രസ്തുത മില്ലിന്റെ പ്രവർത്തനം ജനുവരി മാസത്തോടെ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ